ഉത്തരം

തൃക്കരിപ്പൂർ 33 കെ. വി. സബ് സ്റ്റേഷന്റെ നിർമ്മാണം ഏകദേശം എഴുപത് ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. പ്രസ്തുത സബ്സ്റ്റേഷനിലേയ്ക്കുള്ള ലൈനിന്റെ നിർമ്മാണം സംബന്ധിച്ച് കളക്ടറുടെ തീർപ്പനുസരിച്ച് മറ്റൊരു റൂട്ടിൽ കൂടിയുള്ള സർവ്വേ നടക്കുകയാണ്. വെസ്റ്റ് എളേരി 33 കെ. വി. സബ്സ്റ്റേഷന്റെ നിർമ്മാണം ഏകദേശം അറുപത് ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. പ്രസ്തുത സബ്സ്റ്റേഷനുകൾ ഈ സാമ്പത്തിക വർഷം കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

കെ. എസ്. ഇ. ബി. ബഡ്ജറ്റിൽ പണം വകയിരുത്തിയ 33 കെ. വി. സബ് സ്റ്റേഷനുകൾ

39 (929) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മൂന്നുവർഷമായി ബോർഡിന്റെ ബഡ്ജറ്റിൽ പണം വികയിരുത്തിയതും ലക്ഷ്യമായി പ്രഖ്യാപനം നടത്തിയിട്ടുള്ളതുമായ 33 കെ. വി. സബ് സ്റ്റേഷനുകളുടെ ലിസ്റ്റ് ലഭ്യമാക്കുമോ ;

(ബി) ഗവൺമെന്റിന്റെ പ്രഖ്യാപനം അനുസരിച്ച് എല്ലാ സബ്സ്റ്റേഷനുകളുടെയും പണി പൂർത്തീകരിച്ചിട്ടുണ്ടോ ;

(സി) എത്രശതമാനം സബ് സ്റ്റേഷനുകളുടെ വർക്കുകൾ പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ട് ;

(ഡി) ബോർഡ് സ്ഥലം അക്വയർ ചെയ്യുകയും വർക്ക് ടെണ്ടർ ചെയ്യുകയും ചെയ്ത ഏതെല്ലാം 33 കെ. വി. സബ്സ്റ്റേഷനുകളുടെ പണി ഈ വർഷം പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ലിസ്റ്റ് അനുബന്ധം (1) ആയി ചേർത്തിട്ടുണ്ട്.*

(ബി) ഇല്ല.

(സി) 16%

(ഡി) ഈ വർഷം പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരിക്കുന്ന പദ്ധതികളുടെ ലിസ്റ്റ് അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.*

വടക്കേക്കര സബ് സ്റ്റേഷൻ

40 (930) ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കേക്കര സബ്സ്റ്റേഷന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ നിർമ്മാണം പൂർത്തിയാക്കാനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വടക്കേക്കര സബ് സ്റ്റേഷന്റെ നിർമ്മാണം പൂർത്തിയായിട്ടില്ല. സബ് സ്റ്റേഷന്റെ നിർമ്മാണം ടേൺ കീ വ്യവസ്ഥയിൽ ടെൽക്, തത്ത മാലിക് 10-8-2000-ൽ നൽകിയിരുന്നു. എന്നാൽ കമ്പനിയുടെ തന്നെ സാങ്കേതിക പ്രശ്നങ്ങളാൽ പണി നിർത്തിവച്ചതിനെത്തുടർന്ന് കമ്പനിയുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ പണി പുനരാരംഭിക്കുകയും എൺപത്തഞ്ച് ശതമാനത്തോളം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) 2003 നവംബറിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ഇടുക്കി ജലസംഭരണികളിലെ ക്ഷേത്ര നിർമ്മാണം

41 (931) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. സാജു പോൾ :
ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജലസംഭരണി പ്രദേശത്ത് ക്ഷേത്രം പണിയുമായി ബന്ധപ്പെട്ട കേസിൽ നിലവിലുള്ള സ്ഥിതി തുടരണമെന്ന ഹൈക്കോടതി ഉത്തരവ് ലംഘിച്ച് വിശ്വഹിന്ദു പരിഷത്ത് പഞ്ചലോഹ വിഗ്രഹം പ്രതിഷ്ഠിച്ച വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുസംബന്ധിച്ച കേസിൽ വൈദ്യുതി ബോർഡ് വക്കീലും അഡ്വക്കേറ്റ് ജനറലും പരസ്പര വിരുദ്ധമായി കോടതിയിൽ വാദിച്ച വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഇപ്രകാരമുള്ള ഹൈക്കോടതി വിധി ലംഘിച്ച് വിശ്വഹിന്ദു പരിഷത്ത് അനുഭാവികൾ പണി തുടർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വൈദ്യുതി ബോർഡിന്റെ വക്കീലും അഡ്വക്കേറ്റ് ജനറലും തങ്ങളുടെ വാദഗതികൾ ബഹു.ഹൈക്കോടതി മുമ്പാകെ സമർപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

വിവിധ സ്രോതസ്സുകൾ വഴിയുള്ള ഊർജ്ജ ലഭ്യത

42 (932) ശ്രീ. എം. വി ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly